"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - റബ്ബർ നിർമ്മിതമായ ചെടിച്ചട്ടികൾ കൃഷി ആവശ്യത്തിനും മറ്റും പദ്ധതിയിൽ ഉൾപ്പെടുത്തി വാങ്ങുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി - ഉത്തരവാകുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

G.O.(Rt) No.1661/2024/LSGD തീയതി,തിരുവനന്തപുരം, 10-09-2024

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022
2. റബ്ഫാം പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് ചെയർമാന്റെ 20.06.2023 ലെ കത്ത്.
3. ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 05.07.2024ലെ 5189/C3/2023/SM നമ്പർ കത്ത്.
4. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 13.08.2024-ന് നടന്ന യോഗത്തിന്റെ തീരുമാനം 3.3

**<u>ഉത്തരവ്</u>**

ടെറസ്സിലും മുറ്റത്തും പച്ചക്കറി കൃഷിക്കായും അതോടൊപ്പം മറ്റ് കാർഷിക പദ്ധതികൾക്കായും ഗ്രോ ബാഗ്/മൺചട്ടി വാങ്ങി നൽകുന്നതിന് പദ്ധതി ഏറ്റെടുക്കാൻ തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് പരാമർശിത മാർഗ്ഗരേഖ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. കൃഷി ആവശ്യത്തിന് നിലവിൽ ഉപയോഗിക്കുന്ന ഗ്രോബാഗിനു പകരം റബ്ബർ ചെടിച്ചട്ടികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കണമെന്നും ഇതിന് സബ്സിഡി നൽകാൻ നടപടി സ്വീകരിക്കണമെന്നും ചെറുകിട റബ്ബർ കർഷകരുടെ കൂട്ടായ്മയും റബ്ബർ ഉല്പാദന മേഖലയിലെ ഫാർമർ പ്രൊഡ്യൂസർ കമ്പനിയുമായ റബ്ഫാം പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ ചെയർമാൻ പരാമർശം 2 പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

2. റബർ ഗ്രോബാഗ് / ചെടിച്ചട്ടികൾ പ്രകൃതിദത്ത റബ്ബർ കൊണ്ടാണ് നിർമ്മിച്ചിരിക്കുന്നതെന്നും പരിസ്ഥിതി സൗഹൃദവും പൂർണ്ണമായും പുനരുപയോഗം ചെയ്യാവുന്നതുമാണെന്ന് വ്യക്തമാക്കുന്ന പരിശോധനാ റിപ്പോർട്ട് റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ, റബ്ബർ ബോർഡിൽ നിന്നും റബ്ഫാം സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത ഉത്പന്നം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ അംഗീകാരവും സ്ഥാപനത്തിന് ലഭിച്ചിട്ടുണ്ട്. റബ്ബർ നിർമ്മിതമായ ചെടിച്ചട്ടികളുടെ Degradability, UV/heat resistance, ozone resistance, bio accumulation (impact on food chain), recyclability, air pollution, leachate എന്നിവ പഠിക്കുവാൻ സഹായകരമായ സംവിധാനങ്ങൾ കേരള കാർഷിക സർവ്വകലാശാലയിൽ ഇല്ലെന്ന് കേരള കാർഷിക

സർവ്വകലാശാലയിലെ ഗവേഷണ വിഭാഗത്തിൽ നിന്നും അറിയിച്ചിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയിൽ നിന്നും കൃഷി വകുപ്പിൽ നിന്നും സാങ്കേതിക റിപ്പോർട്ടുകൾ ലഭ്യമാക്കാൻ ഇടയില്ലാത്ത സാഹചര്യത്തിൽ, റബ്ബർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ റബ്ബർ ബോർഡിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ റബ്ബർ നിർമ്മിതമായ ചെടിച്ചട്ടി എന്ന ഉൽപ്പന്നം പരിഗണിക്കാവുന്നതാണ് എന്ന് ശുചിത്വമിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം 3 പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. പരാമർശിത യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കൃഷിക്കും മറ്റും പദ്ധതിയിലുൾപ്പെടുത്തി, ടെണ്ടർ അടക്കമുള്ള വാങ്ങൽ നടപടിക്രമങ്ങൾ പാലിച്ച്, റബ്ബർ ചെടിച്ചട്ടികൾ വാങ്ങി ഉപയോഗിക്കുന്നതിന് തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. താഴെപ്പറയുന്ന സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള ചെടിച്ചട്ടികളാണ് ഉപയോഗിക്കേണ്ടത്. പരമാവധി വില താഴെപ്പറയുന്ന നിരക്കിൽ പരിമിതപ്പെടുത്തേണ്ടതാണ്.

## 1. RUBBER GROWBAGS 1.4 mm Thickness

### Specifications

| | |
|---|---|
| Height | 10 Inch |
| Diameter | 10.23 Inch |
| Thickness | 1.4 mm |
| Life period/Durability | 6 years |
| Rubber Grow bag Dimensions | Size = 25.5cm W * 23cm H |
| Capacity | 10 to 12 Kgs of Poting Mixture - 10 Liters |
| Price | Rs 148/- including GST |

## 2. OUTDOOR RUBBER POTS/BAGS 3mm Thickness

### Specifications

| | |
|---|---|
| Height | 10 Inch |
| Diameter | 10.23 Inch |
| Thickness | 3 mm |
| Life period/Durability | 8 years |
| Rubber Grow bag Dimensions | Size = 25.5cm W * 23cm H |
| Capacity | 10 to 12 Kgs of Poting Mixture - 10 Liters |
| Price | Rs 195/- including GST |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

MANOJ T

JOINT SECRETARY

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശസ്വയംഭരണ വകുപ്പ്
7. ഡയറക്ടർ-റൂറൽ, തദ്ദേശസ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-അർബൻ, തദ്ദേശസ്വയംഭരണ വകുപ്പ്
9. ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
10. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
11. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
12. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശസ്വയംഭരണ വകുപ്പ്)
13. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
14. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
15. ഡയറക്ടർ ജനറൽ, കില
16. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
17. എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ
18. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
19. ചെയർമാൻ, റബ്ഫാം പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ്, പാല, കോട്ടയം.
20. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
21. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Viraj K

Date: 10-09-2024 11:20:10

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്